## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.16 — 28.01.2019 ൽ മറുപടിയ്ക്ക്

### സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീ. എൽദോ എബ്രഹാം
ശ്രീ. വി.ആർ. സുനിൽ കുമാർ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്.<br>സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>ചില്ലറ വ്യാപാര മേഖലയിലെ ശക്തമായ മത്സരത്തെ നേരിടുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള വിൽപ്പനശാലകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷത്തിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 100 വിൽപ്പന ശാലകളിൽ 43 എണ്ണത്തിലെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.<br>സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത 24 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുറക്കുന്നതിനുള്ള നടപടികൾ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.<br>കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോ വില്പന ശാലകളിലേയ്ക്ക് ആകർഷിക്കും വിധം സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്ന വിവിധ പദ്ധതികളും നിലവിലുണ്ട്.<br>സ്ഥലസൗകര്യം കുറഞ്ഞ മാവേലി സ്റ്റോറുകളെ, കൂടുതൽ സ്ഥലം ലഭ്യമാക്കി ആധുനിക രീതിയിലുള്ള സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സപ്ലൈകോ ഗൃഹോപകരണങ്ങളുടെ വില്പന തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 2018–19 സാമ്പത്തിക വർഷത്തിൽ സപ്ലൈകോ ഗൃഹോപകരണ വിപണി ആരംഭിക്കുന്നിതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. എം.ആർ.പി.യിൽ നിന്നും ശരാശരി 40% വരെ വിലക്കുറവ് ലഭ്യമാകുന്ന രീതിയിലാണ് വിപണനം ക്രമീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | വീട്ടിലേക്ക് വേണ്ട എല്ലാ സാധനങ്ങളും ലഭിക്കുന്ന ഷോപ്പിംഗ് മാളുകൾ തുടങ്ങുന്നതിന് സപ്ലൈകോ ആലോചിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഓണം, റംസാൻ, ക്രിസ്മസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ ആരംഭിക്കുന്ന പ്രത്യേക ഉത്സവ ചന്തകൾ വഴി കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. പ്രത്യേക ചന്തകളിലൂടെ കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങളും പച്ചക്കറികളും ഉത്സവകാലയളവിലേയ്ക്ക് ആവശ്യമായ മറ്റ് ഉൽപ്പന്നങ്ങളും വില്പന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ